# Minutes of the Board of Studies Meeting of Malayalam CMS College, Kottayam (Autonomous) held at 2 PM on 26th MARCH 2018

കോട്ടയം സി.എം.എസ്.കോളജ് മലയാളം ബോർഡ് ഓഫ് സ്റ്റഡീസിന്റെ യോഗം, 26/03/2018 തിങ്കളാഴ്ച്ച ഉച്ചയ്ക്ക് 2 മണിക്ക് ചെയർമാൻ ഡോ.ബാബു ചെറിയാന്റെ അധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ മുകളിൽ പേരെഴുതി ഒപ്പിട്ടിരിക്കുന്ന അംഗങ്ങളും മെമ്പർ സെക്രട്ടറിയും പങ്കെടുത്തു.

മലയാളവിഭാഗം മേധാവി മിനി മറിയം സഖറിയ, മലയാളം ഡിപ്പാർട്ട്മെന്റ് സെക്രട്ടറി ഡെയ്സി ഏബ്രഹാം എന്നിവരും സംബന്ധിച്ചു. മിനി മറിയം സഖറിയയുടെ സ്വാഗതത്തോടെ ആരംഭിച്ച യോഗത്തിൽ, തുടർചർച്ചകളുടെ വിഷയവും പ്രാധാന്യവും ചെയർമാൻ അവതരിപ്പിച്ചു. പാഠ്യപദ്ധതിയെക്കുറിച്ചും അതിൽ വരുത്തേണ്ട മാറ്റങ്ങളുടെ സ്വഭാവത്തെക്കുറിച്ചും ചർച്ചചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതിന്റെ ആവശ്യകതയും അറിയിച്ചു. തുടർന്നുനടന്ന ചർച്ചകളിൽ രൂപംകൊണ്ട നിർദ്ദേശങ്ങളും തീരുമാനങ്ങളും ചുവടെ ചേർക്കുന്നു.

## I. സിലബസിന്റെ പൊതുസ്വഭാവം

1) പരിസ്ഥിതി വിജ്ഞാനം, ജൈവസുസ്ഥിരത, ലിംഗസമത്വം, മാനുഷിക മൂല്യങ്ങൾ, തൊഴിൽ സാധ്യതകൾ തുടങ്ങിയക്ക് പ്രാധാന്യം നൽകുന്ന സിലബസാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രാദേശിക - ദേശീയ - അന്തർദ്ദേശീയ ആവശ്യങ്ങളെ സാക്ഷാത്കരിക്കുതാണ് സിലബസ്.
2) പ്രോഗ്രാം ഔട്ട്കം, പ്രോഗ്രാം സ്പെസിഫിക് ഔട്ട്കം, കോഴ്സ് ഔട്ട്കം എന്നിവയുടെ അടിസ്ഥാനത്തിൽ കോഴ്സ് മാപ്പിംഗോടെയാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്.
3) ബി.എ.മലയാളം കോപ്പി എഡിറ്റിംഗ് വൊക്കേഷണൽ പ്രോഗ്രാമായതിനാൽ ആയതിനാൽ തൊഴിൽ സാധ്യതകൾ പരമാവധി കണ്ടെത്താൻ സഹായിക്കുന്ന തരത്തിലാണ് സിലബസിന്റെ രൂപകല്പന നിർവ്വഹിച്ചിരിക്കുന്നത്.
4) ബിരുദ തലത്തിൽ 12 കോർ കോഴ്സുകൾ, രണ്ടു കോമൺ കോഴ്സുകൾ, ഏഴു വൊക്കേഷണൽ കോഴ്സുകൾ, മൂന്നു കോംപ്ലിമെന്ററി കോഴ്സുകൾ ഒരു ഓപ്പൺ കോഴ്സ് ഒരു ചോയിസ് ബെയിസ്ഡ് ഇലക്റ്റീവ് കോഴ്സ്എന്നിവയാണ് ഉൾക്കൊള്ളുന്നത്.
5) എല്ലാ കോഴ്സുകൾക്കും 4 ക്രെഡിറ്റുകൾ വീതമാണ് നല്കിയിരിക്കുന്നത്.
6) അധിക ക്രെഡിറ്റ് കോഴ്സുകളായി രണ്ടു ക്രെഡിറ്റുകൾ വീതമുള്ള രണ്ടു കോഴ്സുകളും ചേർത്തിരിക്കുന്നു. രണ്ടാം സെമസ്റ്ററിലും നാലാം സെമസ്റ്ററിലുമാണ് അധിക ക്രെഡിറ്റ് കോഴ്സുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്.
7) വൊക്കേഷണൽ കോഴ്സുകളിലൊന്നായി പരിഗണിക്കുന്ന OJT, Project & Report നാലാം സെമസ്റ്ററിലെ പ്രൊജെക്റ്റ് എന്ന നിലയിൽ നിലവിലുള്ള രീതി പിൻതുടരാൻ തീരുമാനിച്ചു.
8) പരിസ്ഥിതി വിജ്ഞാനീയവും മനുഷ്യാവകാശ പഠനവുമെന്ന കോർ കോഴ്സിന്റെ പേര് പരിസ്ഥിതി ദർശനവും മനുഷ്യാവകാശ പഠനവും എന്നാക്കി.
9) ബി.എ./ബി.എസ് സി/ബി.കോം. പ്രോഗ്രാമിലേക്കായി ആറു കോമൺ കോഴ്സുകൾ ഉൾപ്പെടുത്തിയിരിക്കുന്നു.
10) എം.എ മലയാളം പാഠ്യപദ്ധതി നിലവിലുള്ളതു തുടരാൻ തീരുമാനിച്ചു.

## II. സിലബസിലെ മാറ്റങ്ങൾ

മലയാളം ഐച്ഛിക വിഷയമായി പഠിക്കാൻ വരുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുക സാഹിത്യത്തെ കാലക്രമത്തിൽ പഠിക്കുന്പോഴാണ്. അതിനാൽ ഒന്നാം സെമസ്റ്ററിലെയും രണ്ടാം സെമസ്റ്ററിലെയും കോർ കോഴ്സുകൾ പരസ്പരം മാറ്റാൻ തീരുമാനിച്ചു. ഒന്നാം സെമസ്റ്ററിലെ 'നവീന കവിത' എന്ന കോർ കോഴ്സ് രണ്ടാം സെമസ്റ്ററിലെ കോർ കോഴ്സാക്കുന്നു. രണ്ടാം സെമസ്റ്ററിലെ 'എഴുത്തച്ഛൻ മുതൽ കവിത്രയം വരെ' എന്ന കോർ കോഴ്സ് ഒന്നാം സെമസ്റ്ററിലെ കോർ കോഴ്സ് ആക്കുന്നതിനും തീരുമാനിച്ചു.

ഓപ്പൺ കോഴ്സ്, കോർ കോഴ്സുകൾ, കോംപ്ലിമെന്ററി കോഴ്സുകൾ, വൊക്കേഷണൽ കോഴ്സുകൾ, കോമൺ കോഴ്സുകൾ എന്നീ ക്രമത്തിലുള്ള മാറ്റങ്ങൾ ചുവടെ ചേർക്കുന്നു:-

**1. ഓപ്പൺ കോഴ്സ്**

കോളജിലെ മറ്റെല്ലാ വിഭാഗങ്ങളും ഓപ്പൺ കോഴ്സിന് നാല് മണിക്കൂർ എടുക്കുന്നതിനാൽ മലയാള വിഭാഗവും ആ രീതി പിൻതുടരാൻ തീരുമാനിക്കുകയും അധികമായി വരുന്ന ഒരു മണിക്കൂർ ഭാരതീയ-ഭാരതീയേതര സിദ്ധാന്തങ്ങളടങ്ങിയ സാഹിത്യമീമാംസ എന്ന കോഴ്സിന് നൽകുന്നു. ആറാം സെമസ്റ്റർ അഞ്ചാം സെമസ്റ്ററിന്റെ തുടർച്ചയായതിനാൽ കോർ ഇലക്ടീവിന് നാല് മണിക്കൂറും അധികമായി വരുന്ന ഒരു മണിക്കൂർ പഠനഭാരം കൂടുതലുള്ള വ്യാകരണം, ഭാഷാ ചരിത്രത്തിന് നൽകാൻ തീരുമാനിക്കുകയും ചെയ്തു.

**2. കോർ കോഴ്സ്**

(അ) എഴുത്തച്ഛൻ മുതൽ കവിത്രയം വരെ

മൊഡ്യൂൾ ഒന്നിലെ ഭക്തിയും തത്വചിന്തയും എന്ന ഭാഗത്ത് പൂന്താനം വരെ നിലനിർത്തുന്നു. പൂന്താനത്തിനു ശേഷമുള്ള ഭക്തി സാഹിത്യത്തിന്റെ വളർച്ച രണ്ടാം മൊഡ്യൂളിലേക്ക് മാറ്റുമ്പോൾ ഭക്തിസാഹിത്യത്തിന്റെ മാറ്റത്തെ കൂടുതൽ ഗ്രഹിക്കാൻ സാധിക്കും.

കവിത്രയത്തിന്റെ പൊതു സവിശേഷതകളെ ആഴത്തിൽ അറിയാൻ സഹായിക്കുന്ന പാഠഭാഗങ്ങൾ എന്ന നിലയിൽ നിലവിലെ പാഠഭാഗങ്ങൾക്കു പകരം വിശദപഠനത്തിൽ മാറ്റം വരുത്തുന്നു. കുമാരനാശാന്റെ 'ലീല'യ്ക്കു പകരം 'ചിന്താവിഷ്ടയായ സീത' ("സുതർ മാമുനിയോടയോദ്ധ്യയിൽ... ചാരുകവിൾത്തടങ്ങളിൽ")

വള്ളത്തോളിന്റെ 'തിരൂർ പൊന്നാനിപ്പുഴ'യ്ക്കു പകരം 'ശിഷ്യനും മകനും' (ഉടൻ മഹാദേവിയിടത്തു............ ചിന്താവശനായ് മഹേശൻ) ഉള്ളൂരിന്റെ 'പനിനീർപ്പൂവ്' മാറ്റി 'പ്രേമസംഗീതം' ('ഒരൊറ്റമതമുണ്ടുലകിന്നു... വാനം നാരകമായ്) എന്നീ തരത്തിലുള്ള മാറ്റം ചേർക്കാൻ തീരുമാനിച്ചു.

(ആ) നവീന കവിത

മൊഡ്യൂൾ ഒന്നിലെ വിശദപഠനത്തിൽ കാലക്രമം അനുസരിച്ച് ക്രമീകരിക്കുന്നതിനായി

1) കാണുന്നീലൊരക്ഷരവും (പൊയ്കയിൽ കുമാരഗുരുദേവൻ)
2) ആത്മഗീതം (ചങ്ങമ്പുഴ കൃഷ്ണപിള്ള)
3) നിമിഷം (ജി. ശങ്കരക്കുറുപ്പ്) എന്നിങ്ങനെ നൽകുന്നു.

കോഴ്സിന്റെ ലക്ഷ്യവുമായി ചേർന്നു നിൽക്കുന്ന കാവ്യങ്ങൾ എന്ന നിലയിൽ മൊഡ്യൂൾ രണ്ടിലെയും മൂന്നിലെയും കവിതകൾക്ക് മാറ്റം വരുത്തുന്നു. വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'കയ്പവല്ലരി' ഒഴിവാക്കി 'സഹ്യന്റെ മകൻ', എൻ.വി.കൃഷ്ണവാര്യരുടെ 'മദിരാശിയിൽ ഒരു സായാഹ്നം' ഒഴിവാക്കി 'എലികൾ', സച്ചിദാനന്ദന്റെ 'മീര പാടുന്നു' മാറ്റി 'സത്യവാങ്മൂലം', എ.അയ്യപ്പന്റെ 'അത്താഴം' മാറ്റി 'എന്റെ ജന്മാന്തരസഖിക്ക്', ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'ഡ്രാക്കുള' യ്ക്കു പകരം 'എവിടെ ജോൺ', കുരീപ്പുഴ ശ്രീകുമാറിന്റെ 'ഇഷ്ടമുടിക്കായൽ' മാറ്റി 'കീഴാളൻ' എന്നിങ്ങനെ ചേർക്കുവാൻ തീരുമാനിച്ചു. മൊഡ്യൂൾ നാലിലെ സൈബർ ബ്ലോഗ് തുടങ്ങിയ നവസാങ്കേതിക വിദ്യകളുടെ സാധ്യതകൾ കവിതയിൽ ഇടപെടുന്നതെപ്രകാരമാണെന്ന് മനസ്സിലാക്കാൻ ആ ഭാഗം അഞ്ചാമത്തെ മൊഡ്യൂൾ ആക്കുവാനും ധാരണയായി.

(ഇ) കേരള സംസ്കാരം, പൂർവ്വഘട്ടം

മൊഡ്യൂൾ രണ്ടിലെ ഉള്ളടക്കത്തിന്റെ വലുപ്പം കൂടുതലായതിനാൽ 'ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം മുതൽ നാലാമത്തെ മൊഡ്യൂളാക്കി ക്രമീകരിക്കുന്നു.

(ഈ) കേരള സംസ്കാരം, ഉത്തരഘട്ടം

മൊഡ്യൂൾ നാലിൽ വൈജ്ഞാനിക സംഘടനകളുടെ കൂട്ടത്തിൽ 'അക്കാദമികൾ' മനസ്സിലാക്കേണ്ടതുകൊണ്ട് അവ ഉൾപ്പെടുത്തുന്നു.

ഈ മൊഡ്യൂൾ വലുപ്പം ഏറിയതിനാലും നവമാധ്യമ സ്വാധീനം വ്യക്തമായി അിറയേണ്ടതിനാലും ആ ഭാഗം അഞ്ചാം മൊഡ്യൂളാക്കി ക്രമീകരിക്കുന്നതിനും തീരുമാനിച്ചു.

(ഉ) സാഹിത്യമീമാംസ

മൊഡ്യൂൾ ഒന്നിലെ അലങ്കാരശാസ്ത്രം,വൃത്തശാസ്ത്രം,ദ്രാവിഡകാവ്യ സങ്കൽപം എന്നിവ രണ്ടാമത്തെ മൊഡ്യൂളിലേക്ക് മാറ്റുകയും ധ്വനി സങ്കൽപം രണ്ടാം മൊഡ്യൂളിൽ നിന്ന് ഒന്നാം മൊഡ്യൂളിൽ ഉൾപ്പെടുത്തുകയും ചെയ്തു.

(ഊ) ചെറുകഥ, നോവൽ

വിശദപഠനത്തിനായി നൽകിയിരിക്കുന്ന കൃതികളുടെ എണ്ണം കൂടുതലായതിനാലും അവ ഒറ്റ സെമസ്റ്ററിൽ പഠിപ്പിക്കുക അപ്രായോഗികമായതിനാലും ചിലവ ഒഴിവാക്കുന്നു. ദിനശലഭങ്ങളുടെ വീട് - പി.സുരേന്ദ്രൻ (നോവൽ), ദൂത് - സേതു (കഥ) എന്നിവ ഒഴിവാക്കി.

മാധവിക്കുട്ടിയുടെ രചനകൾ - മൂന്നാം സെമസ്റ്ററിൽ പഠിക്കുന്നതിനാൽ, ആവർത്തനസ്വഭാവം ഉള്ളതിനാൽ മാറ്റുന്നു.

(ഋ) പരിസ്ഥിതി ദർശനവും മനുഷ്യാവകാശ പഠനവും

കോളജിന്റെ നിലപാടിനനുസൃതമായി 1,2,5 മൊഡ്യൂളുകളിൽ കോളജിന്റെ പൊതു പാഠ്യപദ്ധതി അംഗീകരിക്കാൻ തീരുമാനിക്കുകയും നാലാമത്തെ മൊഡ്യൂളിൽ പരിസ്ഥിതി ചിന്തയും മനുഷ്യാവകാശലംഘനവും പരാമർശ വിഷയമാകുന്ന അംബികാസുതൻ മാങ്ങാടിന്റെ എൻമകജെ എന്ന നോവൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു.

(എ) ഭാഷാശാസ്ത്രം

മൊഡ്യൂൾ രണ്ടിൽ 'സ്വനപഠനം' മാത്രം നിലനിർത്തി, സ്വനിമത്തെ അടുത്ത മൊഡ്യൂളിലേക്ക് മാറ്റുമ്പോൾ, കുട്ടികൾക്ക് കുറേക്കൂടി പ്രായോഗിക പരിജ്ഞാനം ലഭ്യമാകും. അതിനാൽ ആ മാറ്റം സിലബസിൽ വരുത്തുവാൻ തീരുമാനിച്ചു.

(ഏ) കേരളീയ ദൃശ്യകല

ആട്ടക്കഥാസാഹിത്യത്തിൽ നളചരിതം ആട്ടക്കഥക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് കുട്ടികൾ നിർബന്ധമായിം പഠിക്കേണ്ടിനാൽ നിവാതകവച കാലകേയവധം മാറ്റി നളചരിതം ആട്ടക്കഥ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

**3. കോംപ്ലിമെന്ററി കോഴ്സുകൾ**

(അ) നാടകവും സിനിമ

മൊഡ്യൂൾ ഒന്നിനെ പുനഃക്രമീകരിക്കുന്നു. സമയം ക്രമീകരിക്കാൻ ആർ.യു.ആർ-കാറൽ ചാപെക് വിവർത്തനം, വാൾട്ടർ സാലസിന്റെ സെൻട്രൽ സ്റ്റേഷൻ എന്നിവ ഒഴിവാക്കുന്നു. മൊഡ്യൂൾ നാലിലെ 'തൂവാനത്തുമ്പികൾ (പത്മരാജൻ) മാറ്റി ലെനിൻ രാജേന്ദ്രന്റെ 'മഴ' ചേർക്കുമ്പോൾ വിദ്യാർത്ഥികൾക്ക് പുതുമ അനുഭവപ്പെടും. 'ഓളവും തീരവും' എന്ന എം.ടി യുടെ തിരക്കഥ പഠിക്കുന്നത് സാഹിത്യവും സിനിമയും കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ സാധിക്കും. അതിനാൽ 'സെല്ലുലോയ്ഡ്' തിരക്കഥ ഒഴിവാക്കി 'ഓളവും തീരവും' ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു.

(ആ) ഒരു എഴുത്തുകാരൻ/എഴുത്തുകാരി - മാധവിക്കുട്ടി

മാധവിക്കുട്ടിയെ സമഗ്രമായി അറിയണമെങ്കിൽ മാധവിക്കുട്ടിയെക്കുറിച്ചു തയ്യാറാക്കപ്പെട്ട ലേഖനങ്ങൾക്കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. അതിനാൽ പുതിയൊരു മൊഡ്യൂൾ അത്തരത്തിൽ ക്രമീകരിക്കുന്നു. മൊഡ്യൂൾ അഞ്ചിൽ മാധവിക്കുട്ടിയെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള മൂന്നു ലേഖനങ്ങൾ ഉൾപ്പെടുത്തുമ്പോൾ സമയം ക്രമീകരിക്കാൻ കൽക്കട്ടയിലെ വേനൽ, വാക്കുകൾ പക്ഷികൾ, കർക്കടകം, കുറ്റവിസ്താരം എന്നിവ ഒഴിവാക്കാൻ തീരുമാനിച്ചു.

**4. ഇലക്റ്റീവ് കോഴ്സുകൾ**

സ്ത്രീപക്ഷ രചനകൾ എന്ന ഇലക്റ്റീവ് കോഴ്സിൽ പരാമർശിക്കുന്ന ഭാഗങ്ങൾ ഒന്നാം സെമസ്റ്റർ മുതലുള്ള വിവിധ കോഴ്സുകളിലൂടെ അറിയുന്നതിനാൽ, അത് ഒഴിവാക്കുകയും പകരം 'വിവർത്തന പഠനം' എന്ന കോഴ്സ് ഇലക്റ്റീവ് കോഴ്സുകളിൽ ഒന്നായി ചേർക്കുന്നതിനും തീരുമാനിച്ചു.

കാലിക പ്രാധാന്യമാണ് ഈയൊരു കോഴ്സ് ഉൾപ്പെടുത്താൻ കാരണമാകുന്നത്. കൂടാതെ മറ്റു ഭാഷകളിലെ സാഹിത്യവുമായി പരിചയം നേടുന്നതിനും വിവർത്തനസാധ്യതകൾ ഉപയോഗിക്കുന്നതിനും തുടർപഠന സാധ്യതകൾ നൽകുമെന്നതിനാലുമാണ് ഈ കോഴ്സ് ഉൾക്കൊള്ളിക്കാൻ തീരുമാനിച്ചത്.

**5. കോമൺ കോഴ്സുകൾ**

(അ) കവിതയും നാടകവും

പതിനഞ്ചു കവിതകൾ ക്ലാസ് മുറിയിൽ ചർച്ച ചെയ്യുക പ്രായോഗികമല്ലാത്തതിനാൽ അനിതാതമ്പിയുടെ 'ആലപ്പുഴ വെള്ളം', റഫീക്ക് അഹമ്മദിന്റെ 'മറിച്ചു നോക്കുമ്പോൾ' എന്നിവ ഒഴിവാക്കുന്നു. (ഈ സ്വഭാവം പുലർത്തുന്ന കവിതകൾ പാഠഭാഗങ്ങളിൽ ഉൾക്കൊള്ളുന്നുമുണ്ട്)

(ആ) കഥാസാഹിത്യം

'ആടുജീവിതം' (ബന്യാമിൻ), പ്ലസ്ടു തലത്തിൽ പഠിച്ചിട്ടുള്ളതിനാൽ പുതിയൊരു നോവൽ കൂടി വിദ്യാർത്ഥികൾക്ക് പരിചയമാകുക എന്ന ലക്ഷ്യത്തോടുകൂടി 'ആടുജീവിതം' ഒഴിവാക്കി വിനോയ് തോമസിന്റെ 'കരിക്കോട്ടക്കരി' എന്ന നോവൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

(ഇ) കവിത

ഉദ്ദേശ്യലക്ഷ്യങ്ങളോട് കൂടുതൽ അടുത്തുനിൽക്കുന്ന കവിത എന്ന നിലയിൽ അൻവർ അലിയുടെ 'ആടിയായി അലഞ്ഞ മരങ്ങളെ' ചേർക്കുന്നു. 'ഞമുല' ഒഴിവാക്കുന്നു.

(ഉ) ദൃശ്യകലാ സാഹിത്യം

മൊഡ്യൂൾ മൂന്നിലെ 'കല്യാണസൗഗന്ധികം' ശീതങ്കൻതുള്ളലിലെ ഭാഗം ഒഴിവാക്കുന്നു. പകരം കുട്ടികൾക്ക് മികച്ച രീതിയിൽ ആസ്വദിക്കാൻ സാധിക്കുന്ന 'ഘോഷയാത്ര' ഓട്ടൻതുള്ളലിലെ ഭാഗം ചേർക്കാൻ ധാരണയായി.

സിനിമയുടെ സാംസ്കാരിക പ്രതിനിധാനങ്ങളെ വിശകലനം ചെയ്യുന്ന ഒരെഴുത്തുകാരന്റെ മാത്രമായ ലേഖനങ്ങൾകക്ു പകരം നാലു വ്യത്യസ്ത എഴുത്തുകാരുടെ ലേഖനങ്ങൾ ചേർക്കുന്നു. എഴുത്തിലും ഭാഷയിലും വിഷയത്തിലും കാഴ്ചപ്പാടിലും ആഖ്യാനത്തിലും ഉണ്ടാകുന്ന വ്യതിയാനങ്ങൾ മനസ്സിലാക്കാൻ സാധിക്കുമെന്നതിനാലാണ് ഈ മാറ്റം നിർദ്ദേശിക്കുന്നത്.

**6. എക്സ്ട്രാ ക്രെഡിറ്റ് കോഴ്സുകൾ**

ബി. എ. മലയാളം കോപ്പി എഡിറ്റിങ് (വൊക്കേഷണൽ) പ്രോഗ്രാമിൽ 36 മണിക്കൂർ ദൈർഘ്യമുള്ള 2 ക്രെഡിറ്റ് വീതമുള്ള 2 എക്സ്ട്രാ ക്രെഡിറ്റ് കോഴ്സുകൾ ഉൾപ്പെടുത്താൻ ബോർഡ് ഓഫ് സ്റ്റഡീസ് തീരുമാനിച്ചു. രണ്ടാം സെമസ്റ്ററിൽ 'തിരക്കഥാ പഠന'വും നാലാം സെമസ്റ്ററിൽ 'ലോകസാഹിത്യ പരിചയവും എക്സ്ട്രാ ക്രെഡിറ്റ് കോഴ്സുകളായി ഉൾപ്പെചുത്തുന്നു.

മലയാള ബിരുദ കോഴ്സുകളിലും കോമൺ കോഴ്സുകളിലുമായി നിർദ്ദേശിക്കപ്പെട്ട മാറ്റങ്ങളോടെ പുതിയ പാഠ്യപദ്ധതി അംഗീകരിക്കാനും മലയാളം ബിരുദാനന്തരബിരുദ പാഠ്യപദ്ധതി നിലവിലുള്ളതു തുടരാനും ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിൽ തീരുമാനിച്ചു. യോഗം നാലു മണിക്ക് പര്യവസാനിച്ചു.

(Sd)

കോട്ടയം — ഡോ. ശ്രീകാന്ത് കെ. എൻ.

26.03.2018 — മെമ്പർ സെക്രട്ടറി